## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 612 — 29.11.2018 ൽ മറുപടിക്ക്

# ഖാദി ബോർഡിൽ നിന്ന് വിരമിച്ച ജീവനക്കാരിയുടെ പെൻഷൻ ആനുകൂല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 31.10.2007 ൽ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ പത്തനംതിട്ട ഓഫീസിൽ നിന്നും ജൂനിയർ സൂപ്രണ്ടായി റിട്ടയർ ചെയ്ത എറണാകുളം ജില്ലയിലെ തിരുവാങ്കുളം കരയിൽ ശരണ്യയിൽ വസിക്കുന്ന ശ്രീമതി ജെ.നിർമ്മലാ ദേവിക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ശമ്പളസ്കെയിൽ അനുസരിച്ചുള്ള ശമ്പള ഫിക്സേഷനും അനുബന്ധ പെൻഷനും മറ്റ് ആനുകൂല്യങ്ങളും റിട്ടയർ ചെയ്ത് 11 വർഷം കഴിഞ്ഞിട്ടും അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ഏതാനും ജീവനക്കാർക്ക് മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതുമായി ബന്ധപ്പെട്ട് വ്യവഹാരം നിലനിന്നിരുന്നു. ഇതുമൂലമാണ് ശമ്പള ഫിക്സേഷനും അനുബന്ധ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാൻ കാലതാമസം വന്നത്. |
| (ബി) | ആയത് എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ